29.07.2023

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–29/07/2023.

1. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയിൽ നെടുങ്കാട് പ്രവർത്തിച്ചു വരുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ നിറപുത്തരി കൊയ്ത്തുത്സവത്തിലേക്കായി കതിർ കുലകൾ 100 രൂപ നിരക്കിൽ വില്പനക്ക് ലഭ്യമാണ്. കതിർ കുല കെട്ടുകളും (അയർ ) മുൻകൂട്ടി ആവശ്യപ്പെടുന്ന മുറക്ക് തയ്യാറാക്കി നൽകുന്നതാണ്.

2. കാർഷിക സർവകലാശാല, ഫലവർഗ്ഗ ഗവേഷണ കേന്ദ്രം, വെള്ളാനിക്കരയിൽ വിവിധ ഇനം മാവ്, പ്ലാവ് നാരകം, ആത്തച്ചക്ക, അരിനെല്ലി, കറിവേപ്പ്, കവുങ്ങ് കുരുമുളക് തുടങ്ങിയവയുടെ മുന്തിയ ഇനം തൈകളും ജൈവവളങ്ങളും വില്പനയ്ക്ക് തയ്യാറാണ് ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. സംസ്ഥാന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകി വരുന്നു. മണ്ണ് പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ള കർഷകർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0477 2236294 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം രാവിലെ 9 മണി മുതൽ 4 വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

5. സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ (കെപ്കോ) 45 - 50 ദിവസം പ്രായമായ ബി.വി 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറാ യിട്ടുണ്ട്. ആവശ്യമുള്ളവർ 9495000915, 9495000923 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

6. മലബാർ മേഖലാ യൂണിയന്റെ അനുബന്ധസ്ഥാപനമായ മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ക്ഷീരകർഷകരിൽ നിന്നും നേരിട്ടു സംഭരിച്ചിട്ടുള്ള ഉണക്കിപൊടിച്ച ചാണകപ്പൊടി കർഷകർക്കും, ഗുണഭോക്താക്കൾക്കും ലഭ്യമാക്കുന്നു. 1 കി.ഗ്രാം, 2 കി.ഗ്രാം, 5 കി.ഗ്രാം, 10 കി.ഗ്രാം, 30 കി.ഗ്രാം ബാഗുകളിലും കൂടുതൽ ആവശ്യമുള്ളവർക്ക് CFT (ക്യൂബിക് ഫീറ്റ്) അടിസ്ഥാനത്തിൽ മൊത്ത വിലയ്ക്കും ചാണകപ്പൊടി ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് കോട്ടാംപറമ്പിൽ പ്രവർത്തിക്കുന്ന മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ഓഫീസുമായോ, ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന പി & ഐ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9207580188/9207680188 എന്നീ ഫോൺ നമ്പരുകളിലോ, ceomrdf@gmail.com എന്ന ഈ- മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് മാസം 3 ന് വാണിജ്യ അടിസ്ഥാനത്തിലുള്ള അച്ചാർ നിർമ്മാണം 10 ന് പൂന്തോട്ട പരിപാലനവും ലാൻഡ്സ്കേപ്പിങ്ങും 22ന് അക്വാപോണിക്സ് ബയോഫ്ലോഗ് മത്സ്യകൃഷി രീതികൾ 24ന് ചിപ്പി കൂൺ കൃഷി എന്നീ വിഷയങ്ങളിൽ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനഫീസ് 550 രൂപ. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ 0487 2370773 എന്ന നമ്പറിൽ ബന്ധപ്പെടുക.

8. **കാർഷിക നിർദ്ദേശം -വാഴ** വാഴത്തോട്ടങ്ങളിൽ മണ്ണിൽ നനവുണ്ടെന്നു ഉറപ്പുവരുത്തി പി.ജി.പി.ആർ.മിക്സ് (കുഴി ഒന്നിന് 50-100 ഗ്രാം) അഞ്ചു കിലോഗ്രാം ജൈവവളവുമായി കലർത്തി നൽകാവുന്നതാണ്. കടലപ്പിണ്ണാക്ക് ഒരു കിലോഗ്രാം വച്ച് നൽകുന്നത് വാഴയ്ക്ക് അനുയോജ്യമാണ്. വേപ്പിൻ പിണ്ണാക്ക് പല തവണയായി നൽകുന്നത് വഴി കീടനിയന്ത്രണവും സാധ്യമാകും.

**വാഴ-വളപ്രയോഗം**

നട്ടു 3,6,9,10 മാസമായ വാഴകളിൽ പഞ്ചഗവ്യം (3%) ഇലകളിൽ മഴ ഇല്ലാത്തപ്പോൾ തളിച്ച് കൊടുക്കാവുന്നതാണ്. ജൈവവളങ്ങൾ വാഴ നട്ടു രണ്ടാം മാസവും നാലാം മാസവും തുല്യ തവണകളായി

നൽകാം. പയറുവർഗ്ഗ വിളകൾ ഇടസ്ഥലത്തു വിതച്ചു - 40 ദിവസം ആകുമ്പോൾ മണ്ണിൽ ചേർത്ത് കൊടുക്കുക. ഇവയെല്ലാം വളർച്ചയും കീടരോഗ പ്രതിരോധവും ത്വരിതപ്പെടുത്തുന്നു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം